(ബി) ഇതിനായി ഇതുവരെ എത്ര കോടി രൂപ ധനസഹായമായി ലഭിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതിയിൻകീഴിൽ സംസ്ഥാനത്ത് ഏതെങ്കിലും പുതിയ സംരംഭത്തിന് വേണ്ടിയുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

ഉൾനാടൻ ജലപാതകളുടെ വികസനം

59 (4406) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ വികസനത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഉൾനാടൻ ജലപാതകളുടെ വികസനത്തിനുവേണ്ടി സമയബന്ധിതമായി പദ്ധതി വിഭാവനം ചെയ്തിരുന്നുവോ ;

(സി) ഈ വർഷത്തിൽ ഇത്തരത്തിൽ ഏതൊക്കെ ഉൾനാടൻ ജലപാതകളുടെ പണി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ഡി) ഏറ്റെടുത്ത ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതിരുന്നതിന് കാരണമെന്ത് ?

ഉത്തരം

(എ) സംസ്ഥാനത്തെ ജലഗതാഗത മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാർ സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ ജലപാതകളുടെ വികസനത്തിന് ഇപ്പോൾ നടന്നുവരുന്ന വികസന പ്രവൃത്തികൾ 12-ാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെയുള്ള 225 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ്. ഈ തുക ഉപയോഗിച്ച് പശ്ചിമതീര കനാലിന്റെ കോവളം മുതൽ കൊല്ലം വരെയും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുള്ള 422 കി.മീ. ദൈർഘ്യം വരുന്ന സംസ്ഥാന ജലപാതയുടെ 185 കി.മീ. ഭാഗത്തെ വികസന പ്രവർത്തനങ്ങളാണ് നടന്നത്. കൂടാതെ ഉൾനാടുകളെ സംസ്ഥാന ജലപാതയുമായും ദേശീയ ജലപാതയുമായും ബന്ധിപ്പിക്കുന്ന പ്രധാന ഉപപാതകളുടെ വികസനവും

LIBRARY ARCHIVES Kerala Legislative Assembly

നവീകരണവും ഇതിന്റെ ലക്ഷ്യത്തിൽപ്പെടുന്നു. ഇതനുസരിച്ച് തുടങ്ങിയ 251 പണികളിൽ 135 എണ്ണം പൂർത്തീകരിച്ചു. വിവിധ ഡിവിഷനുകളിലായി സംസ്ഥാന ജലപാതയുടെ 61.93 കി.മീ. ദൈർഘ്യം വരുന്ന ഭാഗങ്ങളുടെ വികസന പ്രവർത്തനം പൂർത്തിയായി. പ്രസ്തുത പണികൾക്കായി 101.72 കോടി രൂപ ചെലവായിട്ടുണ്ട്. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരമുള്ള പദ്ധതികളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പണികളുടെ കരട് രൂപം തയ്യാറാക്കി വരുന്നു.

(ബി) വിഭാവനം ചെയ്തിരുന്നു.

(സി) 12-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പല കാരണങ്ങളാൽ പൂർത്തീകരിക്കാൻ സാധിക്കാതെ വന്ന ജലപാതകളുടെ പണി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) മണൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് ഉണ്ടായ പ്രശ്നങ്ങൾ, കനാലിന്റെ അതിർത്തി സംബന്ധിച്ചും പ്രാദേശിക പ്രശ്നങ്ങൾ കാരണവും തദ്ദേശവാസികളിൽനിന്നും ഉയർന്ന ശക്തമായ എതിർപ്പ് സർവ്വേ നടത്തുന്നതിനും കനാൽതീരം കയ്യേറ്റം ചെയ്തിരിക്കുന്നത് കുടിയൊഴിപ്പിക്കുന്നതിനും പുനരധിവാസത്തിനും ഉണ്ടായ കാലതാമസം, വാട്ടർ പൈപ്പുകൾ, ഇലക്ട്രിക് ലൈനുകൾ മുതലായവ മാറ്റി സ്ഥാപിക്കുന്നതിനുണ്ടായ കാലതാമസം മുതലായവ 12-ാം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരമുള്ള പണിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്.

കുമ്പളങ്ങി എറണാകുളം ജലപാത

60 (4407) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമ്പളങ്ങി എറണാകുളം ജലപാത സഞ്ചാരയോഗ്യമാക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ജലപാത യാഥാർത്ഥ്യമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) കുമ്പളങ്ങി എറണാകുളം ജലപാത സഞ്ചാരയോഗ്യമാക്കുന്നതിന് പദ്ധതികൾ നിലവിലില്ല.

(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത ജലപാത വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly